**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - 1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി 11-ാം ചട്ടത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ (പി)നമ്പർ.169/2009/തൊഴിൽ.** **തീയതി, തിരുവനന്തപുരം, 15/12/2009**

==========================================================================

പരാമർശം:- 1. 28/05/'98 ലെ ജി ഒ (പി) നം. 23/98/തൊഴിൽ.

2. 30/07/2009, 12/11/2009 എന്നീ തീയതികളിലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ക്യൂ4-46799/08/ DE നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് നല്കിക്കൊണ്ട് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ചട്ടം 11 പ്രകാരം തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും, വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചാൽ ആയത് സംബന്ധിച്ച വിവരം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിച്ച വിവരം ഗുണഭോക്താവും, തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

2. 1998-ലെ തൊഴിൽരഹിത വേതന ചട്ടങ്ങളിലെ 11-ാം ചട്ടത്തിൽ സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG ' Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതു മൂലം വ്യക്തിഗത കുടുംബ വരുമാനം പരിധിയിലധികമാവുകയോ ചെയ്താൽ തൊഴിൽരഹിത വേതനം നിറുത്തലാക്കുന്നതാണെന്ന ഭേദഗതി കൂടി ഉൾപ്പെടുത്തണമെന്ന് പരാമർശം 2 ലെ കത്തുകൾ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998-ലെ കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 11 താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

''തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ സ്വയംതൊഴിൽ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG. Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതു മൂലം വ്യക്തിഗത കുടുംബ വരുമാനം പരിധിയിലധികമാവുകയോ ആണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ വേതനവിതരണം നിർത്തൽ ചെയ്യേണ്ടതും വിവരം

ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിക്കുകയോ, സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ ചെയ്താൽ ടി വിവരം, അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിക്കുകയോ, സ്വയംതൊഴിലിന് ധനസഹായം ലഭിക്കുകയോ ചെയ്താൽ, ആ വിവരം ഗുണഭോക്താക്കൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ് ''.

(4) പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സി.എസ്.കുമാർ**
**ജോയിൻറ് സെക്രട്ടറി**

എംപ്ലോയ്മെൻറ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ, ചെയർമാൻ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (ഈ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ പഞ്ചായത്തുകൾക്കും നല്കേണ്ടതാണ്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
തൊഴിലും പുനരധിവാസവും (പാർല) വകുപ്പ്.
തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തൊഴിലും പുനരധിവാസവും (ജി) വകുപ്പ്.
സംഭരണ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**